(Pages : 3)

**D – 3205**

Reg. No. : ..................................

Name : ......................................

## Third Semester B.A. (Malayalam and Mass Communication) Degree Examination, December 2017
## (Career Related First Degree Programme Under CBCSS)
## Group 2(a)
## Core Course – V
## MX 1342 : DALITHEZHUTHU, PENNEZHUTHU : SIDHANTHAVUM AAVISHKARAVUM
## (2014 Admn. Onwards)

Time : 3 Hours

Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) ജാതിക്കുമ്മിക്കു അവലംബമായിട്ടുള്ള കൃതി ഏത് ?

2) കാണുന്നീലോരക്ഷരവും – ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

3) ''ക്രിസ്ത്യാനിക്കെങ്ങനെയാ മൂപ്പീന്നേ പെലക്കള്ളി പെങ്ങളാകുന്നത് '' – ഏതിലെ വരികളാണിത് ?

4) മിത്തുകളുടെ പുനരാവിഷ്കാരം നടത്തിയ ബാലാമണിയമ്മയുടെ രണ്ട് കൃതികൾ ഏതെല്ലാം ?

5) ചാന്നാർ ലഹള നടന്ന വർഷം ഏത് ?

6) 'പെണ്ണെഴുത്ത് ' എന്ന പദം മലയാളത്തിൽ ആദ്യമായി ഉപയോഗിച്ചത് ഏത് കഥാസമാഹാരത്തിന്റെ അവതാരികയിലാണ് ? ആരാണ് ?

7) 'കൊച്ചരേത്തി' എന്ന നോവൽ എഴുതിയത് ആരാണ് ?

8) മാധവിക്കുട്ടിയും കെ. എൽ. മോഹനവർമ്മയും കൂടി പൂർത്തിയാക്കിയ നോവൽ ഏത് ?

9) 'ചങ്ക്രാന്തി അട' – എഴുതിയതാരാണ് ?

10) 'വസുന്ധര' – ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു ?

**(10×1=10 Marks)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) ''നിന്നെയെൻ മുന്നിൽത്തന്നെ നിർത്തുവാൻ കൊതിയുണ്ടു
പിന്നെയുമെനിക്കെന്നാൽ നീ വെറും വേലക്കാരി'' – സാംഗത്യം വ്യക്തമാക്കുക.

12) ''ജ്ഞാനം കൊണ്ടല്ലാതെ ബ്രാഹ്മണത്വം
മാനവർക്കു ലഭിക്കുകയില്ല'' – ഈ വരികളുടെ പൊരുളെന്ത് ?

13) 'ബാല്യകാലസ്മരണ'കളിലെ ദേവകി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?

14) ''ഏയ് മാനേ ഞാനും എഞ്ചെമാനും അവനെക്കൊന്നില്ല ഞങ്ങൾക്ക് അത്തരം തോക്കിലാഞ്ഞ് ''. സന്ദർഭോചിതമായി വ്യാഖ്യാനിക്കുക.

15) ഊരാളിമാരുടെ കൃഷിരീതിയെക്കുറിച്ച് കുറിപ്പെഴുതുക.

16) ''സാറാമ്മയ്ക്കെത്ര ദേഷ്യം വന്നാലും ശരി ഞാൻ പറഞ്ഞതു തെറ്റെന്നു സമ്മതിക്കാൻ ഞാൻ തയ്യാറില്ല. അത് തെറ്റല്ലാത്തതുകൊണ്ട് '' – സന്ദർഭമെഴുതുക.

17) സർവേ ഓഫ് ഇന്ത്യയിൽ പ്രതിഫലിക്കുന്ന സാമൂഹ്യ വിമർശനത്തെക്കുറിച്ച് കുറിപ്പെഴുതുക.

18) ''ഫൂ എരപ്പാളി നീ ആരിക്ക തമ്പാനാടീ പെലേന്റ ചൂരു മാറിട്ടില്ലല്ലാടാ ?'' – ഇങ്ങനെ പറയാൻ കാരണമെന്ത് ?

19) 'ദൈവം സ്വർഗ്ഗത്തിൽ' എന്ന കഥയിൽ ഷൈജല തന്റെ ഭർത്താവിനെക്കുറിച്ച് ചിന്തിക്കുന്നതെന്തെല്ലാം ?

20) ഊരാളിമാരുടെ ഇടയിൽ നിലനിന്നിരുന്ന അന്ധവിശ്വാസത്തിന്റെ ഇരയായിരുന്നു 'വെളുപ്പി' എന്ന കഥാപാത്രം – ഈ പരാമർശത്തെ അടിസ്ഥാനമാക്കി കുറിപ്പെഴുതുക.

21) 'ദലിത് ' എന്ന പദം കൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

22) സ്ത്രീപക്ഷ മലയാള സാഹിത്യത്തെക്കുറിച്ച് കുറിപ്പെഴുതുക. **(8x2=16 Marks)**

III. **ഓരോന്നിനും 120** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിനുത്തരമെഴുതുക.

23) 'പാലുവം പെണ്ണിനെ തേടി'യിലെ നാടകീയാംശങ്ങൾ നാടൻപാട്ടിനെ എത്രത്തോളം ഹൃദ്യമാക്കുന്നു എന്നു പരിശോധിക്കുക.

24) സമകാലിക ജാതിചിന്തയോട് ചേർത്തുവച്ച് ജാതിക്കുമ്മിയിലെ വരികൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

25) ജാതിചിന്തയോടുള്ള പ്രതിഷേധം 'സർവേ ഓഫ് ഇന്ത്യ'യിൽ പ്രതിഫലിക്കുന്നതെ പ്രകാരം ?

26) നിരർത്ഥകമായ ജാതിചിന്തയെ ചോദ്യം ചെയ്യുന്ന മനോഹരമായ കഥയാണ് പ്രേതഭാഷണം – ഈ പ്രസ്താവനയോട് പ്രതികരിക്കുക.

27) സ്ത്രീഹൃദയത്തിലെ വരികൾ മാതൃഹൃദയത്തിന്റെ തേങ്ങൽ കൂടിയാണോ ? വിലയിരുത്തുക.

28) സ്ത്രീവാദ വിമർശനം (Feminist Criticism) മുന്നോട്ടു വയ്ക്കുന്ന ചിന്തകൾ എന്തെല്ലാം ?

29) ഊരാളിമാർക്കിടയിൽ സ്ത്രീകൾ അനുഭവിച്ചിരുന്ന വേദനകൾ 'ഊരാളിക്കുടിയിൽ' എത്രത്തോളം പ്രതിഫലിച്ചു കാണുന്നു ?

30) നാലപ്പാട്ടു കുടുംബത്തിലെ സ്ത്രീകൾ മറ്റ് സ്ത്രീകളെ അപേക്ഷിച്ച് സുരക്ഷിതരും സ്വതന്ത്രരും ആയിരുന്നു – ഈ ചിന്തയോട് ബാല്യകാലസ്മരണകളെ അടിസ്ഥാനമാക്കി പ്രതികരിക്കുക.

31) നിത്യജീവിതത്തിലെ പ്രശ്നങ്ങളാണ് സ്ത്രീയുടെ യഥാർത്ഥ പ്രശ്നങ്ങളെന്ന് സമർത്ഥിക്കുകയാണോ 'മുറ്റമടിക്കുമ്പോൾ' എന്ന കവിത ? വിലയിരുത്തുക. **(6×4=24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) ദലിത് ചിന്ത കാലഘട്ടങ്ങൾക്കതീതമായി സാഹിത്യത്തിൽ നിലനിന്നിരുന്നതാണോ ? പരിശോധിക്കുക.

33) സ്ത്രീപക്ഷചിന്തയെക്കുറിച്ച് വിമർശനബുദ്ധി വിലയിരുത്തുക.

34) ചലച്ചിത്രം പോലെ സുന്ദരവും ഭാവാത്മകവുമായിരുന്നു ബാല്യകാലസ്മരണകൾ – ആഖ്യാനശൈലിയെ അടിസ്ഥാനമാക്കി വ്യക്തമാക്കുക.

35) ഊരാളിക്കുടി ഒരു വിഭാഗത്തിന്റെ മാത്രം ജീവിതമല്ല, അനാവരണം ചെയ്യുന്നത് മറിച്ച് എല്ലാ മേഖലകളിൽ നിന്നും കുടിയിറക്കപ്പെട്ടവന്റെ ജീവിതമാണ് – ശരിയോ ? വിലയിരുത്തുക. **(2×15=30 Marks)**

———————